**<u>15 -ാം കേരള നിയമസഭ</u>**

**<u>9 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2697</u>** **<u>14-09-2023 - ൽ മറുപടിയ്ക്ക്</u>**

**<u>അഡ്വാൻസ് റൂളിംഗുകൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2021 സെപ്റ്റംബർ മുതൽ 2023 മാർച്ച് വരെയുള്ള കാലയളവിൽ ജി.എസ്.ടി. അഡ്വാൻസ് റൂളിംഗ് അതോറിറ്റി മുൻപാകെയുള്ള അഡ്വാൻസ് റൂളിംഗ് അപേക്ഷകൾ തീർപ്പാക്കുന്നതിന് ഒന്ന് മുതൽ മൂന്ന് വർഷം വരെ കാലതാമസം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോവിഡിനെ തുടർന്നുള്ള അടച്ചിടലും അതോറിറ്റിയിൽ ഉണ്ടായിരുന്ന ഒഴിവുകളും 2021 സെപ്റ്റംബറിന് മുൻപുതന്നെ അഡ്വാൻസ് റൂളിംഗ് അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസമുണ്ടാക്കിയിരുന്നു. ഈ സാഹചര്യത്തിൽ തുടർന്ന് വന്ന അപേക്ഷകളും തീർക്കുന്നതിന് അധികസമയം ആവശ്യമായി വന്നിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാലയളവിൽ സംസ്ഥാന ജി.എസ്.ടി. അംഗം പ്രസ്തുത അതോറിറ്റിയുടെ എത്ര സിറ്റിംഗുകൾ/ ഹിയറിംഗുകളിൽ പങ്കെടുത്തുവെന്നും അംഗം ഒപ്പിട്ടു കൊണ്ടുള്ള എത്ര കേസുകൾ അതോറിറ്റി തീർപ്പാക്കി റൂളിംഗ് നൽകിയിട്ടുണ്ടെന്നും അറിയിക്കാമോ; | (ബി) | പ്രസ്തുത കാലയളവിൽ സംസ്ഥാന ജി.എസ്.ടി. അംഗം 41 ഹിയറിംഗുകളിൽ പങ്കെടുക്കുകയും 41 അഡ്വാൻസ് റൂളിംഗ് അപേക്ഷകൾ തീർപ്പാക്കി റൂളിംഗ് നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | അഡ്വാൻസ് റൂളിംഗ് അതോറിറ്റിയിലെ സംസ്ഥാന ജി.എസ്.ടി. അംഗത്തിന്റെ നിസ്സഹകരണം കാരണമാണ് പ്രസ്തുത കാലയളവിൽ സിറ്റിംഗുകൾ/ ഹിയറിംഗുകൾ സമയബന്ധിതമായി നടക്കാത്തത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയത്തിൽ കേന്ദ്ര അംഗം സംസ്ഥാന ജി.എസ്.ടി. കമ്മീഷണർക്ക് രേഖാമൂലം പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (സി) | അഡ്വാൻസ് റൂളിംഗ് അതോറിറ്റിയിലെ സംസ്ഥാന ജി.എസ്.ടി. അംഗത്തിന്റെ നിസ്സഹകരണം ഉണ്ടായിട്ടില്ല. അഡ്വാൻസ് റൂളിംഗ് അതോറിറ്റി അർദ്ധജുഡീഷ്യൽ സ്വഭാവം ഉള്ള അതോറിറ്റിയാണ്. |
| (ഡി) | സംസ്ഥാന ജി.എസ്.ടി. നിയമപ്രകാരം അഡ്വാൻസ് റൂളിംഗുകൾക്കായുള്ള അപേക്ഷകൾ ഫയൽ ചെയ്ത് തൊണ്ണൂറ് ദിവസങ്ങൾക്കകം തീർപ്പാക്കേണ്ടതുണ്ടോ; എങ്കിൽ 2021 സെപ്റ്റംബർ മുതൽ 2023 മാർച്ച് വരെയുള്ള കാലയളവിൽ അതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ; എങ്കിൽ അതിന് കാരണക്കാരായവർക്കെതിരെ നടപടി സ്വീകരിക്കുമോ? | (ഡി) | സംസ്ഥാന ജി.എസ്.ടി. നിയമപ്രകാരം അഡ്വാൻസ് റൂളിംഗുകൾക്കായുള്ള അപേക്ഷകൾ ഫയൽ ചെയ്ത് തൊണ്ണൂറ് ദിവസങ്ങൾക്കകം തീർപ്പാക്കേണ്ടതുണ്ട്. ട്രാൻസ്ഫർ, റിട്ടയർമെന്റ് തുടങ്ങിയവ കാരണം സംസ്ഥാന അംഗത്തിന്റെ സ്ഥാനം ഒഴിഞ്ഞുകിടന്നതിനാൽ അപേക്ഷകൾ പരിഗണിക്കാൻ കാലതാമസം ഉണ്ടായി. ഇതുമൂലം തൊണ്ണൂറ് ദിവസം കഴിഞ്ഞ അപേക്ഷകൾ 2021 സെപ്റ്റംബറിൽ തന്നെ വളരെയധികം ഉണ്ടായിരുന്നു. കൂടാതെ കോവിഡ് -19 മഹാമാരിയും സംസ്ഥാന ജി.എസ്.ടി. വകുപ്പിന്റെ |

| | | | |
|---|---|---|---|
| | | | പുന: സംഘടനയും സ്റ്റേറ്റ് അംഗത്തിന് സംസ്ഥാന ജി.എസ്.ടി. വകുപ്പിലെ സുപ്രധാന ചുമതലകൾക്ക് പുറമെ മറ്റുവകുപ്പുകളുടെ അധിക ചുമതലകളും ഉണ്ടായിരുന്നു.<br><br>പിന്നീട് നികുതിദായകരുടെ അസൗകര്യം പരിഗണിച്ച് പല ഹിയറിംഗും മാറ്റിവയ്ക്കേണ്ടതായി വന്നിട്ടുണ്ട്. കേന്ദ്ര അംഗത്തിനും സംസ്ഥാന അംഗത്തിനും നികുതിദായകനും ഒരേസമയം എത്താൻ സാധിക്കാത്ത നിരവധി സാഹചര്യങ്ങളും ഹിയറിംഗുകൾ നീണ്ടുപോകാൻ കാരണമായി. ആയതിനാൽ മനപൂർവ്വമായ താമസം മേൽ വിഷയത്തിൽ സംഭവിച്ചതായി കാണുന്നില്ല. മാത്രമല്ല അഡ്വാൻസ് റൂളിംഗ് അതോറിറ്റി അർദ്ധ ജുഡീഷ്യൽ സ്വഭാവം ഉള്ള അതോറിറ്റി കൂടിയാണ്.<br><br>വകുപ്പ് പുന:സംഘടനയുടെ ഭാഗമായി 2023 ജനുവരി മാസം അഡ്വാൻസ് റൂളിംഗ് സെൽ രൂപീകരിക്കുകയുണ്ടായി. അതിന്റെ ഭാഗമായി 2023 ജനുവരി മാസം മുതൽ നാളിതുവരെ 26 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. കൂടാതെ, 28 അപേക്ഷകളുടെ ഹിയറിംഗുകൾ നടത്തുകയും ആയതിന്റെ അന്തിമ ഉത്തരവുകൾ നൽകാനുള്ള തീവ്ര ശ്രമത്തിലുമാണ്. കേന്ദ്ര / സംസ്ഥാന ജി.എസ്.ടി. അംഗങ്ങളുടെ മാറ്റവും അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസത്തിന് കാരണമായിട്ടുണ്ട്. 17-08-2023 ലെ G.O.(P) No.102/2023/ ടാക്സസ് നോട്ടിഫിക്കേഷൻ പ്രകാരം പുതിയ കേന്ദ്ര അംഗത്തിനെ നിയമിച്ചിട്ടുണ്ട്. കാലതാമസം വന്ന അപേക്ഷകൾ അടിയന്തരമായി തീർപ്പാക്കാനുള്ള എല്ലാ നടപടികളും അഡ്വാൻസ് റൂളിംഗ് സെൽ ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ